പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3248 — 18.02.2013 ലെ മറുപടിക്ക്

# ജനശ്രീ-ഭീമ യോജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി : | ശ്രീ കെ. സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി ) |
| (എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരഭമായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ജനശ്രീ ഭീമ യോജന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;<br>(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് കേന്ദ്ര വിഹിതം ലഭ്യമായിട്ടുള്ളത്; ഇത് ഏതൊക്കെ പരിപാടികൾക്കായി ആണ് വിനിയോഗിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും<br>കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരഭമായി നടപ്പാക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ജനശ്രീ ഭീമാ യോജന പദ്ധതി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ വഴിയാണ് നടപ്പിലാക്കുന്നത്. നഗരങ്ങളിലെയും ഗ്രാമങ്ങളിലേയും ദരിദ്ര ജന വിഭാഗങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 18-59 വയസ്സു വരെയുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയും തൊട്ടുമുകളിലുമുള്ള തൊഴിലാളികളെയാണ് ഈ പദ്ധതിയുടെ കീഴിൽ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നത്. തൊഴിലടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തരം തിരിച്ച് ആയതിലെ അംഗങ്ങൾക്കാണ് കവറേജ് ലഭിക്കുന്നത്. ഒരംഗത്തിന് 200 രൂപയാണ് പ്രീമിയം. ടി തുകയുടെ 50% എൽ.ഐ.സിയുടെ ഭാഗമായ |

സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്നും 50% അംഗമാകുന്നവരിൽ നിന്നോ നോഡൽ ഏജൻസികളിൽ നിന്നോ ആണ് വഹിക്കുന്നത്. ഈ പദ്ധതിയിൽ അംഗങ്ങളായി ചേരുന്നവരുടെ 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന പരമാവധി രണ്ട് കുട്ടികൾക്ക് പ്രതിമാസം 100/- രൂപ എന്ന ക്രമത്തിൽ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച സംസ്ഥാന വിഹിതം എത്രയെന്ന് പറയാമോ; | (സി) | സംസ്ഥാന വിഹിതം ഈ പദ്ധതിക്ക് ആവശ്യമില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ നടപ്പുവർഷം നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് എൽ.ഐ.സി.യാണ് |

സെക്ഷൻ ഓഫീസർ